# കേരളസർവകലാശാല

നം.പി.ആർ.133/2022

## പത്രക്കുറിപ്പ്

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2022 ആഗസ്റ്റ് മാസം ആരംഭിക്കുന്ന നാലാം സെമസ്റ്റർ (ആഗസ്റ്റ് 2022) കരിയർ റിലേറ്റഡ് ബി.എ., ബി.എസ്.സി., ബി.കോം., ബി.പി.എ., ബി.ബി.എ., ബി.സി.എ., ബി.എം.എസ്, ബി.എസ്.ഡബ്ള്യൂ., ബി.വോക് എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (റഗുലർ 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2019 അഡ്മിഷൻ, സപ്ലിമെന്ററി 2016–18 അഡ്മിഷൻ, 2014 & 2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ 2022 ജൂലൈ 4 വരെയും 150 രൂപ പിഴയോടുകൂടി ജൂലൈ 7 വരെയും 400 രൂപ പിഴയോടുകൂടി ജൂലൈ 11 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ, ബി.എസ് സി, ബി.കോം ഡിഗ്രി ( റഗുലർ 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017, 2016 അഡ്മിഷൻസ്, മേഴ്സിചാൻസ് – 2015, 2014 അഡ്മിഷൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ 2022 ജൂലൈ 4 വരെയും 150 രൂപ പിഴയോടുകൂടി ജൂലൈ 7 വരെയും 400 രൂപ പിഴയോടുകൂടി ജൂലൈ 11 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ, ബി.എസ് സി, ബി.കോം ഡിഗ്രി ( റഗുലർ 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2019, 2018, 2017 അഡ്മിഷൻസ്, മേഴ്സിചാൻസ് – 2016, 2015, 2014 അഡ്മിഷൻസ്) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂൺ 29–ാം തീയതി ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്.സി., ബി.കോം, ബി.ബി.എ., ബി.സി.എ., ബി.എം.എസ്, ബി.എസ്.ഡബ്ള്യൂ., ബി.വോക് എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (റഗുലർ 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2020 അഡ്മിഷൻ, സപ്ലിമെന്ററി 2017–19 അഡ്മിഷൻ, 2014–16 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയ്ക്കുള്ള പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവ വോസി

കേരളസർവകലാശാല പാർട്ട് മൂന്ന് ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ആന്വൽ സ്കീം ഏപ്രിൽ 2022 സെഷൻ ഡിഗ്രി എക്സാമിനേഷൻ ഏപ്രിൽ 2022 നടത്തിയ പരീക്ഷയുടെ വൈവ വോസി ജൂൺ 29, 30 ജൂലൈ 1, 2 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

## പരീക്ഷ ഫലം

കേരളസർവകലാശാല മാർച്ച് 2022 ൽ നടന്ന പാർട്ട് മൂന്ന് സെപ്റ്റംബർ 2021 സെഷൻ ബി.എ ഡിഗ്രി ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ സോഷ്യോയോളജി, പൊളിറ്റിക്കൽ സയൻസ്, അറബിക് (മെയിൻ & സബ്സിഡിയറി) ഒഴികെയുള്ള വിഷയങ്ങളുടെ ഫലംപ്രസിദ്ധീകരിച്ചു .സൂക്ഷ്മപരിശോധനക്കും പുനർമൂല്യ നിർണയത്തിനും 2022 ജൂലൈ 4 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2022 ഫെബ്രുവരിയിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2022 ജൂലൈ 6 വരെ അപേക്ഷിക്കാം.വിശദവിവരം വെബ്സൈറ്റിൽ

## സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല കോവിഡ് – 19 കാരണം ഡിസംബർ 2021 ലെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ , ബി.എസ്.സി, ബി.കോം (സി.ആർ) എന്നീ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ പേര്, കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യ വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം 2022 ജൂലൈ 6 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

## പിഎച്ച്.ഡി നൽകി

രാജശ്രീ പി മേനോൻ (മ്യൂസിക്) , സുനിത. എസ് (സംസ്കൃതം), ആതിര വി.എസ്, ലീന. കെ (കെമിസ്ട്രി), ദേവി ആർ.ആർ (സുവോളജി),അശ്വതി. പി, വിഷ്ണു വി.എസ് (ബോട്ടണി), സിന്ദൂര കെ. പി, സിന്റോ എം.എസ് (ബയോടെക്നോളജി), ലക്ഷ്മി പ്രകാശ് (കൊമേഴ്സ്), ഷെറീൻ. കെ, അനിൽ കുമാർ. എൻ (ഫിസിക്കൽ എഡ്യൂക്കേഷൻ), അശ്വതി ജി കൃഷ്ണൻ ( ലോ) എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
25.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**